## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 625 — 11.12..2012 ലെ മറുപടിയ്ക്ക്

### അന്യസംസ്ഥാന ലോട്ടറി നിരോധന തുടർ നടപടികൾ

ചോദ്യം

ശ്രീ. പി. ശ്രീരാമ കൃഷ്ണൻ
ശ്രീ. ആർ. രാജേഷ്
ശ്രീമതി. കെ.കെ. ലതിക
ശ്രീ. എം. ഹംസ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| ക്രമ നമ്പർ | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി വില്പന നിർബാധം തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) നമ്പർ ലോട്ടറി, പേപ്പറിൽ കുറിച്ച് നൽകുന്ന ലോട്ടറികൾ തുടങ്ങി നിയമ വിരുദ്ധ ലോട്ടറികൾ വിൽക്കപ്പെടുന്നതായി കണ്ടെത്തുകയും ഇപ്രകാരമുള്ള 49 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. |
| (ബി) | അന്യസംസ്ഥാന ലോട്ടറി നിരോധന തുടർനടപടികൾ ദുർബ്ബലമായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) & (സി) : കേന്ദ്ര സർക്കാരിന്റെ 15.12.2011 ലെ GRS 883 (B) നോട്ടിഫിക്കേഷനിലൂടെ സിക്കിം ലോട്ടറിയുടെ വിൽപ്പന 2 വർഷത്തേയ്ക്ക് താൽക്കാലികമായി കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. കൂടാതെ 2005 ജനുവരി 13- ാം തീയതിയിലെ സർക്കാർ ഉത്തരവ് G.O(P) 4/2005/TD(SRO No.34/2005) പ്രകാരം കേരളത്തെ ഓൺലൈൻ/ഇന്റർനെറ്റ് ലോട്ടറി വിമുക്ത മേഖലയാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര ലോട്ടറി റെഗുലേഷൻ ആക്റ്റ് 1998, കേരള ഗെയിമിംഗ് ആക്റ്റ്, IPC എന്നിവ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമില്ല. |
| (സി) | ലോട്ടറീസ് ആക്ട് അനുസരിച്ച് അന്യസംസ്ഥാന ലോട്ടറി വില്പന നടത്തുന്നവർക്കെതിരെ കേസെടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | |
| (ഡി) | അന്യസംസ്ഥാന ലോട്ടറി നിരോധനത്തിനുശേഷം, അനധികൃത വില്പന നടത്തിയ എത്ര പേർക്കെതിരെ ലോട്ടറീസ് ആക്ട് പ്രകാരം കേസെടുക്കുകയുണ്ടായി; കേരള ഗെയിമിംഗ് ആക്ട് പ്രകാരം എടുത്ത കേസ്സുകൾ എത്ര; | (ഡി) അന്യസംസ്ഥാന ലോട്ടറി നിരോധനത്തിനു ശേഷം അനധികൃത ലോട്ടറി വിൽപ്പനയുമായി (ഒറ്റ നമ്പർ ലോട്ടറി, പേപ്പറിൽ എഴുതി നൽകുന്ന ലോട്ടറി തുടങ്ങിയവ) ബന്ധപ്പെട്ട് ലോട്ടറീസ് ആക്റ്റ് കേരള ഗെയിമിംഗ് ആക്റ്റ് എന്നിവ പ്രകാരം 49 കേസ്സുകളിലായി 104 പേർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. IPC പ്രകാരം 3 കേസ്സുകൾ, IPC & KG Act പ്രകാരം 4 കേസ്സുകൾ KG Act & LR Act 1998 പ്രകാരം 4 കേസ്സുകൾ IPC & LR Act 1998 പ്രകാരം ഒരു കേസ്സ്, KG Act പ്രകാരം 37 കേസ്സുകൾ എന്നിങ്ങനെ ആകെ 49 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | ഏതെല്ലാം അന്യസംസ്ഥാന ലോട്ടറികളാണ് സംസ്ഥാനത്ത് പ്രവർത്തിക്കാൻ അനുമതി തേടിയിരിക്കുന്നതെന്നും, ഇതിന് അനുമതി നൽകിയിട്ടുള്ളത് ആർക്കെല്ലാമാണെന്നും വെളിപ്പെടുത്തുമോ? | (ഇ) സംസ്ഥാനത്ത് പ്രവർത്തിക്കാൻ ഒരു അന്യസംസ്ഥാന ലോട്ടറിയ്ക്കും ഇപ്പോൾ അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ